**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 79** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കിഫ്ബി പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കിഫ്ബി പദ്ധതികൾ ഏതൊക്കെ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** APJ ABDUL KALAM TECHNOLOGICAL UNIVERSITY (APJKTU), INDIAN INSTITUTE OF INFORMATION TECHNOLOGY AND MANAGEMENT KERALA (IIITMK), BHARAT SANCHAR NIGAM LIMITED(BSNL), HLL INFRA TECH SERVICES LTD(HITES), INVESTMENT IN MUNICIPAL AND PANCHAYAT ASSET CREATION FOR TRANSFORMATION KERALA LTD (IMPACT Kerala), KERALA ACADEMY FOR SKILLS EXCELLENCE (KASE), Kerala Development and Innovation Strategic Council (KDISC),Kerala Fibre Optic Network Ltd(KFON), KERALA IRRIGATION INFRASTRUCTURE DEVELOPMENT CORPORATION LTD (KIIDC), Kerala Institute of Local Administration (KILA), Kerala Industrial Infrastructure Development Corporation (KINFRA), KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION (KITE), KERALA MEDICAL SERVICES CORPORATION LIMITED(KMSCL), KONKAN RAILWAY CORPORATION LIMITED(KRCL), KERALA ROAD FUND BOARD (KRFB), Kerala State Coastal Area Development Corporation(KSCADC),KERALA STATE CONSTRUCTION CORPORATION LTD(KSCC),Kerala State Council for Science, Technology and Environment( KSCSTE), KSEBL TRANSGRID, KERALA STATE FILM DEVELOPMENT CORPORATION LTD (KSFDC), Kerala State Housing Board (KSHB), KERALA STATE INDUSTRIAL DEVELOPMENT CORPORATION (KSIDC), KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LTD (KSITL), Kerala State Road Transport Corporation Ltd (KSRTC),KSRTC SWIFT LIMITED (KSRTC SWIFT), Kerala Tourism Development Corporation Ltd(KTDC), KERALA WATER AUTHORITY(KWA), NEYYAR PEPPARA FOREST DEVELOPMENT AGENCY (NPFDA), ROAD INFRASTRUCTURE COMPANY KERALA LTD (RICK), SPORTS KERALA FOUNDATION (SKF), STATE FOREST DEVELOPMENT AGENCY KERALA (SFDAKRLA), THE KERALA AGRO INDUSTRIES CORPORATION LTD (KAICO), Travancore Devaswom Board (TDB), UNIVERSITY OF KERALA (UOK),WAPCOS Ltd. (WAPCOS), Kerala Rapid Transit Cor-poration Ltd (KRTCL), Sabarimla Master Plan Trust Fund Board(SMPIFTB), Kerala Coffee Limited, Trivandrum Engineering Science and Technology( TrEST), Kerala State Backward classes Development Co-orporation(KSBCDC), Kerala Industrial & Technical Consultancy Organisation (KITCO), Kerala Veterinary and Animal Science University (KVASU), Kerala Waterways and Infrastructure Limited(KWIL), INKEL Limited(INKEL), Roads and Bridges Development Corporation of Kerala

(RBDCK),Cochin University of Science and Technology ( CUSAT) , Kerala Agriculture University( KAU), Thrissur Forest Development Agency, University of Calicut, TRIDA, GCDA, SCTL, CSML,Kochi Metro Rail Limited (KMRL), Kannur University, MG University എന്നി പദ്ധതി നിർവ്വഹണ ഏജൻസികൾ മുഖേനയാണ് കിഫ്ബി പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

**(ബി)** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) കിഫ്ബി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടുകൂടെ ഒരു കോടി, മൂന്ന് കോടി വിഭാഗത്തിൽ ഉൾപ്പെടുന്ന സർക്കാർ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം കില-യുടെ കീഴിലുള്ള എസ്. പി. വി -യായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ (KILA PMU) മേൽനോട്ടത്തിൽ നടത്തിവരുന്നു. കിലയെ പദ്ധതി നിർവ്വഹണ ഏജൻസിയായി നിയമിച്ച് ഒരു കോടി വിഭാഗത്തിൽ 431 സ്കൂളുകൾക്കും മൂന്ന് കോടി വിഭാഗത്തിൽ 191 സ്കൂളുകൾക്കും കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. ടി സ്കൂളുകളിൽ ഒരു കോടി വിഭാഗത്തിൽ 267 സ്കൂളുകളും മൂന്ന് കോടി വിഭാഗത്തിൽ 56 സ്കൂളുകളും പൂർത്തികരിച്ചിട്ടുണ്ട്. ഒരു കോടി വിഭാഗത്തിൽ 100 സ്കൂളുകളിലും മൂന്ന് കോടി വിഭാഗത്തിൽ 107 സ്കൂളുകളിലും നിലവിൽ നിർമ്മാണം പുരോഗമിച്ചു വരുന്നു. മറ്റ് സ്കൂളുകൾ നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായുള്ള വിവിധ ഘട്ടങ്ങളിലാണ്.

**(സി)** ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനു കില-യ്ക്കുള്ള സാങ്കേതിക പരിചയം എന്താണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയുടെ ഭാഗമായി കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്ന സ്കൂൾ നിർമ്മാണ പദ്ധതിയുടെ നടത്തിപ്പിലേക്കായി 30.01.2020 തീയതിയിലെ G.O(Ms)No.24/2020/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയഭരണ സ്ഥാപനത്തിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കില പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ & മൂന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. അവരുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രൊജക്റ്റ് മാനേജ്മെന്റിന്റെ യൂണിറ്റാണ് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത്.

**(ഡി)** കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാർ കില-യിൽ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ നിയമനരീതി എങ്ങനെയാണെന്നും ഇവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന ഇനത്തിൽ എത്ര രൂപ ചിലവ് വരുന്നുണ്ടെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കില പ്രൊജക്റ്റ് മാനേജ്മെൻറ് യൂണിറ്റിൽ സ്കൂൾ നിർമ്മാണ പദ്ധതിയുടെ നടത്തിപ്പിലേക്കായി നിലവിൽ 66 ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും, സർക്കാർ ഏജൻസിയായ ASAP ൽ നിന്നും, ദിനപത്രത്തിലൂടെ നോട്ടിഫിക്കേഷൻ ക്ഷണിച്ചുകൊണ്ട് ലഭ്യമാകുന്ന അപേക്ഷകൾ വഴി ഇന്റർവ്യൂ നടത്തിയുമാണ് യോഗ്യരായ ജീവനക്കാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയോഗിച്ചുവരുന്നത്. ഒരു മാസം ഏകദേശം 32 ലക്ഷത്തോളം രൂപ ടി പദ്ധതിയുടെ ഭാഗമായി ചിലവ് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**